# സമഗ്ര ശിക്ഷാ കേരളം

## ക്ലാസ് 12

# സമൂഹശാസ്ത്രം

## ഭാഗം 2

# സാമൂഹിക മാറ്റവും ഇന്ത്യയിലെ പുരോഗതിയും

## ആമുഖം

ഹയർസെക്കന്ററി തലത്തിൽ രണ്ടാംവർഷ സമൂഹശാസ്ത്രപഠനം ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള സമഗ്രവും ലളിതവുമായുള്ള ഒരു പഠനസഹായിയാണ് ഇത്. ഇതിൽ ഓരോ യൂണിറ്റിലേയും ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളും അവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആശംസകളോടെ

ഡോ. സുപ്രിയ എ.ആർ

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

# ഉള്ളടക്കം

1. ഘടനാപരമായ മാറ്റം
2. സാംസ്കാരിക മാറ്റം
3. ഭരണഘടനയും സാമൂഹിക മാറ്റവും
4. ഗ്രാമീണ സമൂഹത്തിലെ മാറ്റവും വികസനവും
5. വ്യാവസായിക സമൂഹത്തിലെ മാറ്റവും വികസനവും.
6. ആഗോളവൽക്കരണവും സാമൂഹികമാറ്റവും
7. ബഹുജനമാധ്യമങ്ങളും വിനിമയങ്ങളും
8. സാമൂഹികപ്രസ്ഥാനങ്ങൾ

## അധ്യായം 1

## ഘടനാപരമായ മാറ്റം

കൊളോണിയലിസം കൊണ്ടുവന്ന ഘടനാപരമായ മാറ്റങ്ങളെ ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നു. കൊളോണിയലിസം പുതിയ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവന്നു. വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിങ്ങനെയുള്ള രണ്ട് പ്രധാന ഘടനാപരമായ മാറ്റങ്ങളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. മുതലാളിത്ത കാലഘട്ടത്തിലെയും മുതലാളിത്തത്തിനു മുമ്പുള്ള കാലഘട്ടത്തിലെയും സാമ്രാജ്യനിർമ്മാണത്തെക്കുറിച്ചും സ്വതന്ത്ര ഇന്ത്യയിലെ നഗരവൽക്കരണത്തിന്റെ സ്വാധീനത്തെക്കുറിച്ചും ഇതിൽ വിശകലനം ചെയ്യുന്നു.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- കോളനി വൽക്കരണത്തിന്റെ സ്വാധീനം പഠിക്കുന്നതിന്റെ പ്രാധാന്യം
- കോളനിവൽക്കരണത്തെ മനസ്സിലാക്കൽ
- കോളനിവൽക്കരണ കാലഘട്ടത്തിലെ നഗരവൽക്കരണവും വ്യവസായവൽക്കരണവും
    - അപവ്യവസായവൽക്കരണം
    - പഴയ നഗരങ്ങളുടെ തകർച്ച
    - പുതിയ പട്ടണങ്ങളുടെ ആവിർഭാവം
- കൊളോണിയൽ കാലഘട്ടത്തിലെ നഗരവൽക്കരണവും വ്യവസായവൽക്കരണവും
- സ്വതന്ത്ര ഇന്ത്യയിലെ വ്യവസായവൽക്കരണം
- സ്വതന്ത്ര ഇന്ത്യയിലെ നഗരവൽക്കരണം

**പ്രവർത്തനം 1**

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

എ) ഒരു രാജ്യം മറ്റൊരു രാജ്യത്തിന് മേൽ സ്ഥാപിക്കുന്ന ഭരണമാണ് -----------

ബി) ഒരു കമ്പോള സംവിധാനത്തിനുള്ളിൽ ലാഭത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സംവിധാനമാണ് ——————————

**പ്രവർത്തനം 2**

കോളം പൂരിപ്പിക്കുക.

| | |
|---|---|
| • ആവി ശക്തിയോ വൈദ്യുതിയോ ഉപയോഗിച്ച് യന്ത്രങ്ങളുടെ സഹായത്തോടെ ഉല്പാദനം നടത്തുന്നതിനെ ......................................... എന്ന് പറയുന്നു. | -------------- |
| • വ്യവസായവൽക്കരണത്തിന്റെ ഫലമായി ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങളും നഗരങ്ങളും തകർന്നു. ഈ പ്രക്രിയയെ ———————— എന്ന് പറയുന്നു | -------------- |

**പ്രവർത്തനം 3**

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

എ) അപവ്യവസായ വൽക്കരണത്തന്റെ ഫലമായി തകർന്ന നഗരങ്ങളാണ്.....................ഉം .............ഉം

ബി)അപവ്യവസായ വൽക്കരണത്തന്റെ ഫലമായി ഉയർന്നുവന്ന നഗരങ്ങളാണ്.......................ഉം .............ഉം

**പ്രവർത്തനം 4**

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

എ) വിവിധ തരത്തിലുള്ള നഗരവൽക്കരണത്തിന്റെ സ്വാധീനത്തെക്കുറിച്ചു പഠിച്ചത്.................... ആണ്.

# ഉത്തര സൂചിക

**പ്രവർത്തനം 1**

എ) കോളനിവൽക്കരണം

ബി) മുതലാളിത്തം

**പ്രവർത്തനം 2**

എ) വ്യവസായവൽക്കരണം

ബി) അപ വ്യവസായവൽക്കരണം

**പ്രവർത്തനം 3**

എ) മസൂലിപട്ടണം , സൂററ്റ്

ബി) മദ്രാസ്, ബോംബെ

**പ്രവർത്തനം 4**

എ) എം.എസ്.എ. റാവു

# അദ്ധ്യായം 2

# സാംസ്കാരിക മാറ്റം

ഇന്ത്യയിൽ സാംസ്കാരിക മാറ്റം സംഭവിച്ച രണ്ട് വ്യത്യസ്ത വഴികൾ ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നു. ഒന്ന്, പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കർത്താക്കളുടെ പങ്ക്, രണ്ടാമത്തേത്, സംസ്കൃതവൽക്കരണം, പാശ്ചാത്യവൽക്കരണം, ആധുനികവൽക്കരണം, മതേതരവൽക്കരണം തുടങ്ങിയ സാംസ്കാരിക സമ്പ്രദായങ്ങളിലെ മാറ്റങ്ങൾ. ഈ രണ്ടു പ്രക്രിയകളും ഇന്ത്യയുടെ സാംസ്കാരിക മേഖലയെ വിമർശനാത്മകമായി ചോദ്യം ചെയ്യുകയും മാറ്റങ്ങൾ വരുത്തുകയും ചെയ്തു

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- 19, 20 നൂറ്റാണ്ടുകളിലെ സാംസ്ക്കാരിക പരിഷ്കരണ പ്രസ്ഥാനങ്ങൾ
- വ്യത്യസ്ത തരത്തിലുള്ള സാമൂഹിക മാറ്റം
  - സംസ്കൃതവൽക്കരണം
  - അപ സംസ്കൃതവൽക്കരണം
  - പാശ്ചാത്യവൽക്കരണം
  - പാശ്ചാത്യവൽക്കരണത്തെയും സംസ്കൃതവൽക്കരണത്തെയും കുറിച്ച് എം. എൻ.ശ്രീനിവാസ്
- ആധുനികവൽക്കരണവും മതേതരവൽക്കരണവും.

**പ്രവർത്തനം 1**

അനുയോജ്യമായ ഉത്തരങ്ങൾ ഉപയോഗിച്ച് കോളം പൂരിപ്പിക്കുക (വിധവ പുനർവിവാഹം, സതി, മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസം, ബഹുഭാര്യത്വത്തിന്റെ തിന്മകൾ)

| സാമൂഹിക പരിഷ്കർത്താക്കൾ | സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടം |
|---|---|
| • രാജാറാം മോഹൻ റോയ്<br>• എം. ജി. റാനഡെ<br>• ജഹനാര ഷാനവാസ്<br>• സർ സയ്യിദ് അഹമ്മദ് ഖാൻ | |

**പ്രവർത്തനം 2**

സാമൂഹിക പരിഷ്കർത്താക്കൾ, സാമൂഹിക സംഘടനകൾ, സംഘടനകൾ സ്ഥാപിച്ച സ്ഥലം എന്നിവ ഉചിതമായ ഉത്തരങ്ങൾ ഉപയോഗിച്ച് പൂരിപ്പിക്കുക

| സാമൂഹിക പരിഷ്കർത്താക്കൾ സംഘടനകൾ സ്ഥാപിച്ച സ്ഥലം | സാമൂഹിക സംഘടനയുടെ പേര് | സ്ഥലം |
|---|---|---|
| • രാജാറാം മോഹൻ റോയ്<br>• ദയാനന്ദ സരസ്വതി<br>• ജ്യോതിബ ഫൂലെ | •<br>•<br>• | •<br>•<br>• |

**പ്രവർത്തനം 3**

**വിട്ടുപോയ ഭാഗം പൂരിപ്പിക്കുക**

സ്ത്രീകൾക്കു വേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ സ്കൂൾ ആരംഭിച്ചത് ..........ആണ്.

**പ്രവർത്തനം 4**

സബീഷ് സബർവാളിന്റെ അഭിപ്രായത്തിൽ കൊളോണിയൽ ഇന്ത്യയിലെ മാറ്റങ്ങളുടെ മൂന്നു തലങ്ങൾ ഏതെല്ലാം എന്ന് പൂരിപ്പിക്കുക.

മാറ്റങ്ങളുടെ മൂന്ന് തലങ്ങൾ

- ------------------------------------
- ------------------------------------
- ------------------------------------

**പ്രവർത്തനം 5**

ബ്രാക്കറ്റിൽ നിന്നും ആശയം തിരഞ്ഞെടുത്ത് കോളം പൂരിപ്പിക്കുക.
(സംസ്കൃതവൽക്കരണം, അപസംസ്കൃതവൽക്കരണം)

| | |
|---|---|
| ഒരു താഴ്ന്ന ജാതിയോ ഗോത്രമോ മറ്റ് ഗ്രൂപ്പുകളോ ഒരു ഉയർന്ന ജാതിയുടെ ആചാരങ്ങളും വിശ്വാസങ്ങളും പ്രത്യയശാസ്ത്രവും ജീവിതശൈലിയും അനുകരിക്കുന്ന പ്രക്രിയ. | ------------------------------------ |
| സംസ്കൃതവൽക്കരിക്കപ്പെടാത്ത ജാതികൾ പ്രബലമായിരിക്കുന്ന പ്രദേശങ്ങളിൽ അവരുടെ സ്വാധീനമാണ് കൂടുതൽ ശക്തമായി ഉണ്ടാകുന്നത്. | ------------------------------------ |

**പ്രവർത്തനം 6**

സംസ്കൃതവൽക്കരണത്തിനെതിരായ വിമർശനങ്ങൾ എഴുതുക.

- സാമൂഹിക ചലനാത്മകതയെ പെരുപ്പിച്ചു കാണിക്കുന്നു.
- 
- 
- 
- 

**പ്രവർത്തനം 7**

വിട്ടു പോയ ഭാഗം പൂരിപ്പിക്കുക.

1. സംസ്കൃതവൽക്കരണം എന്ന ആശയം അവതരിപ്പിച്ചത്..................ആണ്.
2. പാശ്ചാത്യവൽക്കരണം എന്ന ആശയം അവതരിപ്പിച്ചത്..................ആണ്.

**പ്രവർത്തനം 8**

വിട്ടുപോയ കോളം പൂരിപ്പിക്കുക.

ഇന്ത്യയിലെയും പാശ്ചാത്യ രാജ്യങ്ങളിലെയും മതേതരവൽക്കരണത്തിന്റെ വ്യത്യാസങ്ങൾ കണ്ടെത്തുക.

| ഇന്ത്യ | പാശ്ചാത്യരാജ്യങ്ങൾ |
|---|---|
| • | • |

# ഉത്തര സൂചിക

**പ്രവർത്തനം 1**

| സാമൂഹിക പരിഷ്കർത്താക്കൾ | സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടം |
|---|---|
| രാജാറാം മോഹൻ റോയ് | സതി |
| എം.ജി.റാനഡെ | വിധവ പുനർവിവാഹം |
| ജഹനാര ഷാ നവാസ് | ബഹുഭാര്യത്വത്തിന്റെ തിന്മകൾ |
| സർ സെയ്ദ് അഹമ്മദ് ഖാൻ | മുസ്ലീം സ്ത്രീകളുടെ വിദ്യാഭ്യാസം |

**പ്രവർത്തനം 2**

| സാമൂഹിക പരിഷ്കർത്താക്കൾ സംഘടനകൾ സ്ഥാപിച്ച സ്ഥലം | സാമൂഹിക സംഘടനയുടെ പേര് | സ്ഥലം |
|---|---|---|
| രാജാറാം മോഹൻ റോയ് | ബ്രഹ്മസമാജം | ബംഗാൾ |
| ദയാനന്ദസരസ്വതി | ആര്യസമാജം | പഞ്ചാബ് |
| ജ്യോതിബാ ഫുലെ | സത്യ ശോധക് സമാജ് | പൂനെ |

**പ്രവർത്തനം 3**

ജ്യോതിബാ ഫുലെ

**പ്രവർത്തനം 4**

- വിനിമയ രീതികൾ
- സംഘാടന രീതികൾ
- ആശയങ്ങളുടെ പ്രകൃതം

**പ്രവർത്തനം 5**

- സംസ്കൃതവൽക്കരണം
- അപസംസ്കൃതവൽക്കരണം

**പ്രവർത്തനം 6**

1. സാമൂഹ്യ ചലനാത്മകതയെ പെരുപ്പിച്ചു കാണിക്കുന്നു.
2. ‘മേൽജാതി’യുടെ ജീവിത രീതി ശ്രേഷ്ഠമായും ‘താഴ്ന്ന ജാതി’യുടേത് അധമമായും കാണുന്നു.
3. അസമത്വത്തിലും ബഹിഷ്കരണത്തിലും നിലനിൽക്കുന്ന മാതൃകയെ ന്യായീകരിക്കുന്നു.
4. ഉയർന്ന ജാതിയുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സ്വീകരിച്ചു കൊണ്ട് പെൺകുട്ടികളെയും സ്ത്രീകളെയും ഒറ്റപ്പെടുത്തുന്നു
5. ദലിത് സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും പ്രധാന സ്വഭാവസവിശേഷതകൾ നഷ്ടപ്പെടാൻ കാരണമാകുന്നു.

**പ്രവർത്തനം 7**

എ) എം.എൻ.ശ്രീനിവാസ്

ബി) എം.എൻ.ശ്രീനിവാസ്

**പ്രവർത്തനം 8**

| ഇന്ത്യ | പാശ്ചാത്യരാജ്യം |
|---|---|
| • എല്ലാ മതങ്ങളെയും തുല്യമായി കാണുന്നു. | • മതത്തിന്റെ സ്വാധീനം കുറയുന്നു. |

# അധ്യായം 3

# ഭരണഘടനയും സാമൂഹിക മാറ്റവും

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ്. ജനങ്ങളാൽ ജനങ്ങൾക്ക് വേണ്ടിയുള്ള ജനങ്ങളുടെ ഗവണ്മെന്റ് ആണ് ജനാധിപത്യം. ഇന്ത്യയിലെ ജനാധിപത്യത്തിന്റെ ചരിത്രപരമായ വികാസവും പ്രധാന മൂല്യങ്ങളും പ്രവർത്തനവും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു. പഞ്ചായത്തീരാജ്, രാഷ്ട്രീയ പാർട്ടികൾ, സമ്മർദ്ദ ഗ്രൂപ്പുകൾ, ജനാധിപത്യ രാഷ്ട്രീയം എന്നിവയും ഇതിൽ പ്രതിപാദിക്കുന്നു.

**പ്രധാന സങ്കൽപനങ്ങളും ആശയങ്ങളും**


- ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ
- ഭരണഘടനാ പരമായ ക്രമങ്ങളും സാമൂഹിക നീതിയും: സാമൂഹിക നീതിയെ സഹായിക്കുന്നതിനുള്ള വ്യാഖ്യാനം

**പഞ്ചായത്തീരാജിന്റെ ആദർശങ്ങൾ**

- പഞ്ചായത്തി രാജിനെ ക്കുറിച്ച് ഡോ.അംബേദ്കർ, ഗാന്ധിജി എന്നിവരുടെ കാഴ്ചപ്പാട്
- പഞ്ചായത്തുകളുടെ അധികാരങ്ങളും ചുമതലകളും
- ന്യായ പഞ്ചായത്ത്
- ആദിവാസി മേഖലകളിലെ പഞ്ചായത്തിരാജ്
- ജനാധിപത്യവൽക്കരണവും അസമത്വവും
- രാഷ്ട്രീയ പാർട്ടികൾ, സമ്മർദ്ദ ഗ്രൂപ്പുകൾ, ജനാധിപത്യ രാഷ്ട്രീയം

**പ്രവർത്തനം 1**

ചാർട്ട് പൂർത്തിയാക്കുക



**പ്രവർത്തനം 2**

വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

1. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറയാണ്................
2. ഗ്രാമീണ തലത്തിൽ അഥവാ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ജനാധിപത്യമാണ്................
3. ഭരണഘടനയുടെ പരമോന്നത കോടതിയും ആത്യന്തിക വ്യാഖ്യാതാവുമാണ് .

**പ്രവർത്തനം 3**

താഴെ കൊടുത്തിരിക്കുന്ന കോളം പൂരിപ്പിക്കുക.

പഞ്ചായത്തീരാജിനെക്കുറിച്ചുള്ള നേതാക്കൻമാരുടെ അഭിപ്രായങ്ങൾ


| അഭിപ്രായം | നേതാവിന്റെ പേര് |
|---|---|
| • തദ്ദേശ സ്വയംഭരണം സമൂഹത്തിലെ ഉപരി വർഗ്ഗങ്ങൾ ഇന്ത്യൻ സമൂഹത്തിലെ അധ:സ്ഥിത ജന വിഭാഗങ്ങളെ ചൂഷണം ചെയ്യാൻ കാരണമാകുന്നു | • |
| • ഓരോ ഗ്രാമവും സ്വയംപര്യാപ്തമായ ഒരു യൂണിറ്റായി കാണുകയും ഗ്രാമ സ്വരാജ് എന്ന മാതൃക തുടരുകയും ചെയ്യാൻ സാധിക്കും | • |

**പ്രവർത്തനം 4**

പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ ആരംഭിച്ചത് ---------- ഭരണഘടനാ ഭേദഗതിയിലാണ്.


**പ്രവർത്തനം 5**

പദസൂര്യൻ പൂർത്തിയാക്കുക



**പ്രവർത്തനം 6**

**ചാർട്ട് പൂർത്തിയാക്കുക.**




**പ്രവർത്തനം 7**

കോളം പൂരിപ്പിക്കുക

| | |
|---|---|
| • മരങ്ങൾ വെട്ടിമാറ്റുന്നതിൽ നിന്ന് വനങ്ങളെ സംരക്ഷിക്കാൻ സ്ത്രീകൾ രൂപീകരിച്ച പഞ്ചായത്ത് | ---------- |
| • ഖാസികളുടെ പരമ്പരാഗത രാഷ്ട്രീയ കൗൺസിലിന്റെ പേര് | ---------- |

**പ്രവർത്തനം 8**

ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നവയിൽ നിന്ന് ഉത്തരം തിരഞ്ഞെടുത്ത് പൂരിപ്പിക്കുക.
(രാഷ്ട്രീയ പാർട്ടികൾ താൽപര്യ ഗ്രൂപ്പുകൾ)

| | |
|---|---|
| • ഒരു തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഗവൺമെന്റിന്റെ നിയമാനുസൃതമായ നിയന്ത്രണം കൈവരിക്കാൻ ലക്ഷ്യമിടുന്ന ഒരു സംഘടന | ---------- |
| • രാഷ്ട്രീയ രംഗത്തെ പ്രത്യേക താൽപ്പര്യങ്ങൾ പിന്തുടരുന്നതിനു സംഘടിപ്പിക്കുന്ന ഗ്രൂപ്പുകൾ | ---------- |

# ഉത്തരസൂചിക

**പ്രവർത്തനം 1**




**പ്രവർത്തനം 2**

എ) ഭരണഘടന

ബി) പഞ്ചായത്തീരാജ്

സി) സുപ്രീം കോടതി

**പ്രവർത്തനം 3**

ഡോ.അംബേദ്കർ

മഹാത്മാ ഗാന്ധി

**പ്രവർത്തനം 4**

73-ാം ഭരണഘടനാ ഭേദഗതി

**പ്രവർത്തനം 5**

- സാമ്പത്തിക വികസനത്തിന് പദ്ധതികൾ തയ്യാറാക്കുക
- സാമൂഹിക നീതി വർധിപ്പിക്കുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കുക
- നികുതികൾ, തീരുവകൾ, ടോളുകൾ, ഫീകൾ എന്നിവ ഈടാക്കുക
- ഗവൺമെന്റ് ഉത്തരവാദിത്തങ്ങൾ വിഭജിക്കാൻ സഹായിക്കുക

**പ്രവർത്തനം 6**

- അവർക്ക് പിഴ ചുമത്താം, പക്ഷേ ശിക്ഷ വിധിക്കാൻ കഴിയില്ല.
- പരസ്പരം ലഹളയുണ്ടാക്കുന്ന പക്ഷികൾക്കിടയിൽ ഒരു കരാർ കൊണ്ടുവരുന്നു.
- സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ ഉപദ്രവിക്കുകയും അക്രമം നടത്തുകയും ചെയ്യുന്ന പുരുഷൻമാരെ ശിക്ഷിക്കുന്നതിൽ ഇടപെടുന്നു

**പ്രവർത്തനം 7**

വനപഞ്ചായത്ത്

ദർബാർ കുർ

**പ്രവർത്തനം 8**

രാഷ്ട്രീയ പാർട്ടി

താൽപ്പര്യ ഗ്രൂപ്പ്

## അധ്യായം 4
# ഗ്രാമീണ സമൂഹത്തിലെ മാറ്റവും വികസനവും

**ആമുഖം**

ഇന്ത്യ ഒരു കാർഷിക സമൂഹമാണ്. ഭൂരിഭാഗം ഇന്ത്യക്കാരും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇന്ത്യൻ സമൂഹത്തിലെ കാർഷിക ഘടന , ഭൂപരിഷ്കരണത്തിന്റെ സ്വാധീനം,ഹരിത വിപ്ലവത്തിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ, സ്വാതന്ത്ര്യത്തിന് ശേഷം ഗ്രാമീണ ഇന്ത്യൻ സമൂഹത്തിൽ വന്ന പരിവർത്തനങ്ങൾ,തൊഴിൽ ചംക്രമണം, ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഗ്രാമീണ ഇന്ത്യയിൽ വരുത്തിയ മാറ്റങ്ങൾ എന്നിവയാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- ഗ്രാമീണ ഇന്ത്യയിലെ വ്യത്യസ്ത തൊഴിലുകൾ.
- കാർഷിക ഘടന.
- ഗ്രാമീണ ഇന്ത്യയിലെ ജാതിയും വർഗ്ഗവും.
- പ്രബല ജാതി.
- കോളനി വാഴ്ചക്കാലത്തെ ഇന്ത്യയിലെ ഭൂനികുതിഭരണം.
- സ്വതന്ത്ര ഇന്ത്യയിലെ ഭൂപരിഷ്കരണ നിയമങ്ങൾ.
- ഹരിത വിപ്ലവം.
- ഹരിത വിപ്ലവത്തിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ
- സ്വാതന്ത്ര്യാനന്തരം ഗ്രാമീണ ഇന്ത്യയിൽ വന്ന മാറ്റങ്ങൾ.
- തൊഴിൽ ചംക്രമണം.
- കാർഷിക മേഖലയിലെ വനിതാവൽക്കരണം.
- കരാർ കൃഷി.


**പ്രവർത്തനം 1**

പൂരിപ്പിക്കുക

വൻകിട ഭൂവുടമകൾ ഭൂപരിധി നിർണ്ണയ നിയമത്തിന്റെ പരിധിയിൽ നിന്ന് രക്ഷ നേടാനായി ബന്ധുക്കളുടെയും വേലക്കാരുടെയും പേരിൽ ഭൂമി വീതംവച്ചു നൽകുന്നതിനെ ------------------എന്നു പറയുന്നു.

**പ്രവർത്തനം 2**

പദസൂര്യൻ പൂർത്തീകരിക്കുക




**പ്രവർത്തനം 3**

പൂരിപ്പിക്കുക

എ) ബ്രിട്ടീഷുകാർ സ്വത്തവകാശം നൽകിയ വിഭാഗമാണ്.................

ബി) കൃഷിക്കാർ നേരിട്ട് നികുതിയടച്ചിരുന്ന സമ്പ്രദായമാണ്.............


**പ്രവർത്തനം 4**

ചാർട്ട് പൂർത്തീകരിക്കുക

| ഭൂപരിഷ്കരണ നിയമങ്ങൾ |
|---|
| • സെമീന്ദാരി സമ്പ്രദായ നിരോധനം |
| • |
| • |

**പ്രവർത്തനം 5**

ചാർട്ട് പൂർത്തീകരിക്കുക



**പ്രവർത്തനം 6**

**പൂരിപ്പിക്കുക**

ഭൂവുടമകൾക്കും തൊഴിലാളികൾക്കുമിടയിലുണ്ടായ ബന്ധങ്ങളിലെ മാറ്റം രക്ഷാധികാരത്തിൽ നിന്നും ചൂഷണത്തിലേക്കുള്ള മാറ്റമാണെന്ന് അഭിപ്രായപ്പെട്ട സമൂഹശാസ്ത്രജ്ഞന്റെ പേരെഴുതുക.

**പ്രവർത്തനം 7**

**പൂരിപ്പിക്കുക**

വൻതോതിൽ തൊഴിൽ ചംക്രമണം നടക്കുന്ന ഗ്രാമീണമേഖലകളിൽ സ്ത്രീകൾ കാർഷിക ജോലി കളിൽ വ്യാപൃതരാകുന്നു. ഈ പ്രക്രിയയെ.............................. എന്ന് വിളിക്കുന്നു.

# ഉത്തരസൂചിക

**പ്രവർത്തനം 1**

ബിനാമി ട്രാൻസ്ഫർ

**പ്രവർത്തനം 2**

- രാഷ്ട്രീയ അധികാരം
- സാമ്പത്തിക അധികാരം

**പ്രവർത്തനം 3**

- സെമീന്ദാർമാർ
- റയട്ട്‌വാരി സമ്പ്രദായം

**പ്രവർത്തനം 4**

- കുടിയായ്മ നിരോധനനിയമം
- ഭൂപരിധി നിർണയനിയമം

**പ്രവർത്തനം 5**

- അസമത്വം വർധിക്കുന്നു.
- ഗ്രാമ - നഗര കുടിയേറ്റത്തിന്റെ തോത് വർധിക്കുന്നു.
- കർഷകരുടെ സാമ്പത്തിക തകർച്ച

**പ്രവർത്തനം 6**

ജാൻ ബ്രമൻ

**പ്രവർത്തനം 7**

- കാർഷിക മേഖലയിലെ വനിതാവൽക്കരണം.

## അദ്ധ്യായം 5

## വ്യാവസായിക സമൂഹത്തിലെ മാറ്റവും വികസനവും.

ജനങ്ങൾ എങ്ങനെ ജോലിചെയ്യുന്നു, എവിടെയാണ് ജോലി ചെയ്യുന്നത്, ഏതുതരത്തിലുള്ള ജോലിയാണ് അവർ ചെയ്യുന്നത് എന്നിവ അവർ ആരാണെന്ന് നമുക്ക് മനസ്സിലാക്കി തരുന്നു. സാങ്കേതിക രംഗത്തും. തൊഴിൽ സാഹചര്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ സാമൂഹിക ബന്ധങ്ങളെ സ്വാധീനിക്കുന്നു. സമൂഹശാസ്ത്രജ്ഞരായ കാൾ മാക്സും, മാക്സ് വെബ്ബറും എമൈൽ ദുർഖെയിമും വ്യാവസായിക മേഖലയിലെ സാമൂഹിക സവിശേഷതകളെ കുറിച്ച് വിശകലനം നടത്തിയിട്ടുണ്ട്. നഗരവൽക്കരണവും തൊഴിൽ വിഭജനവും വ്യവസായവൽക്കരണത്തിന്റെ അഭിവാജ്യ ഘടകങ്ങളാണ്.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**


- വ്യാവസായിക സമൂഹത്തിന്റെ ബിംബങ്ങൾ.
- ഇന്ത്യയിലെ വ്യവസായവൽക്കരണം
- ഓഹരി വിറ്റഴിക്കൽ
- സംഘടിത-അസംഘടിത മേഖലകളിലെ തൊഴിൽ
- ചെറുകിട വ്യവസായം
- കരാർ തൊഴിൽ
- ശാസ്ത്രീയ മാനേജ്മെന്റ്
- തൊഴിൽ സാഹചര്യങ്ങൾ
- കുടിയേറ്റ തൊഴിലാളികൾ
- ഗാർഹികാടിസ്ഥാനത്തിലുള്ള തൊഴിൽ.
- സമരങ്ങളും യൂണിയനുകളും.

**പ്രവർത്തനം 1**

അന്യവൽക്കരണ സിദ്ധാന്തം അവതരിപ്പിച്ച സാമൂഹിക ചിന്തകന്റെ പേരെന്ത്?

**പ്രവർത്തനം 2**

ചാർട്ട് പൂർത്തീകരിക്കുക



**പ്രവർത്തനം 3**

**പൂരിപ്പിക്കുക**

ഗവൺമെന്റ് പൊതുമേഖലയിലെ കമ്പനികളുടെ ഓഹരി വിൽക്കുന്ന പ്രക്രിയയെ..............എന്നു പറയുന്നു.

**പ്രവർത്തനം 4**

സ്ഥിരം തൊഴിലാളികൾ അവധിയിൽ പ്രവേശിക്കുമ്പോൾ പകരം തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ .................എന്നു വിളിക്കുന്നു.

**പ്രവർത്തനം 5**

ശാസ്ത്രീയ മാനേജ്മെൻറ് സമ്പ്രദായം അഥവാ ടെയ്‌ലറിസം ആവിഷ്കരിച്ച ശാസ്ത്രജ്ഞന്റെ പേരെഴുതുക.

**പ്രവർത്തനം 6**

താഴെ കൊടുത്തിരിക്കുന്ന സവിശേഷതകളുള്ള സംവിധാനത്തിന്റെ പേര് തിരിച്ചറിയുക.

- തൊഴിലിനെ ആവർത്തിക്കപ്പെടുന്ന ചെറിയ ഘടകങ്ങളായി വിഭജിക്കുന്നു
- തൊഴിലാളികൾക്കിടയിൽ തൊഴിൽ വിഭജിക്കപ്പെടുന്നു.
- സ്റ്റോപ്പ് വാച്ചുകളുടെ സഹായത്തോടെ തൊഴിലാളികളുടെ സമയം ക്രമീകരിക്കുന്നു
- ഒരു കൺവെയർ ബെൽറ്റിനടുത്ത് തൊഴിലാളികളെ ക്രമീകരിച്ചിരിക്കുന്നു.

**പ്രവർത്തനം 7**

പട്ടിക പൂർത്തീകരിക്കുക

| കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ. | |
|---|---|
| | • ജന നിബിഡമായ മുറികൾ. |
| | • |
| | • |

**പ്രവർത്തനം 8**

ചാർട്ട് പൂർത്തീകരിക്കുക

| ഗാർഹികാടിസ്ഥാനത്തിലുള്ള തൊഴിലിന്റെ സവിശേഷതകൾ |
|---|
| • സ്ത്രീകളും കുട്ടികളുമാണ് പ്രധാനമായും ഏർപ്പെട്ടിരിക്കുന്നത്.<br>•<br>• |

**പ്രവർത്തനം 9**

പൂരിപ്പിക്കുക.

1918 ൽ ടെക്സ്റ്റൈൽ ലേബർ അസോസിയേഷൻ (TLA) സ്ഥാപിച്ചത് ആര്?

## ഉത്തരസൂചിക

**പ്രവർത്തനം 1**

കാൾ മാർക്സ്

**പ്രവർത്തനം 2**

- ഗവൺമെന്റിൽ രജിസ്റ്റർ ചെയ്യപ്പെട്ടതാണ്.
- തൊഴിലാളികൾക്ക് ശരിയായ വേതനം ലഭിക്കുന്നു.
- പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നു.

**പ്രവർത്തനം 3**

ഓഹരി വിറ്റഴിക്കൽ

**പ്രവർത്തനം 4**

പകര ജോലിക്കാർ

**പ്രവർത്തനം 5**

ഫ്രെഡറിക് വിൻസ്ലൊ ടെയ്ലർ

**പ്രവർത്തനം 6**

ശാസ്ത്രീയ മാനേജ്മെന്റ്

**പ്രവർത്തനം 7**

- മോശമായ തൊഴിൽ സാഹചര്യം
- കുടുംബത്തിൽ നിന്നുള്ള ഒറ്റപ്പെടൽ / ഏകാന്തത

**പ്രവർത്തനം 8**

- ഏജന്റുമാർ അസംസ്കൃത വസ്തുക്കൾ നൽകുന്നു.
- ഉൽപന്നങ്ങൾ ഏജന്റുമാർ ശേഖരിക്കുന്നു.

**പ്രവർത്തനം 9**

മഹാത്മാഗാന്ധി

## അധ്യായം 6

## ആഗോളവൽക്കരണവും സാമൂഹിക മാറ്റവും

**ആമുഖം**

1991 മുതൽ ഇതുവരെയുള്ള ഇന്ത്യയുടെ സാമ്പത്തിക നയത്തിൽ ഊന്നിക്കൊണ്ട് ആഗോളവൽക്കരണത്തിന്റെ വിവിധ മാനങ്ങൾ ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു. ഉദാരവൽക്കരണത്തിന്റെ സാമ്പത്തിക നയം മനസിലാക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും അതോടൊപ്പം ആഗോളവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിൽ പൊതു സ്വകാര്യ മേഖലകളുടെ പങ്കിനെ കുറിച്ച് ചർച്ച ചെയ്യുന്നു. സാങ്കേതിക പുരോഗതി, രാഷ്ട്രീയ മാറ്റങ്ങൾ, സാമ്പത്തിക നയങ്ങൾ, ആഗോളവൽക്കരണത്തിന്റെ വിവിധ തലങ്ങൾ എന്നിവയും ഈ അധ്യായത്തിന്റെ പ്രതിപാദ്യ വിഷയമാണ്.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- ആഗോളവൽക്കരണവും ഉദാരവൽക്കരണവും
- ആഗോളവൽക്കരണത്തിന്റെ വചരിത്രം
- ആഗോളവൽക്കരണത്തിന്റെ വിവിധ മാറ്റങ്ങൾ
- ആഗോള ആശയവിനിമയങ്ങൾ
- ആഗോളവൽക്കരണവും പുറംപണി കരാറും
- ആഗോളവൽക്കരണവും രാഷ്ട്രീയ മാറ്റവും
- ആഗോളവൽക്കരണവും സംസ്കാരവും

**പ്രവർത്തനം 1**

താഴെ പറയുന്നവയിൽ ആഗോളവൽക്കരണത്തിന്റെ പ്രതികൂല സ്വാധീനമാണ്.

എ) ആഗോളവിപണിയെ ആശ്രയിക്കൽ

ബി) പരമാധികാരത്തിന്റെ ഭീഷണി

സി) അസമമായ വിതരണം

ഡി) മുകളിൽ പറഞ്ഞവയെല്ലാം

**പ്രവർത്തനം 2**

ഉദാരവൽക്കരണം ഇന്ത്യയിൽ നടപ്പിലാക്കിയ വർഷം

എ) 1998

ബി) 1947

സി) 1991

ഡി) 1950

**പ്രവർത്തനം 3**

ഇന്ത്യയിലെ സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

1. ..............................................

2. ................................................

**പ്രവർത്തനം 4**

ബ്രാക്കറ്റിലെ ഇനങ്ങൾ ഉചിതമായ കോളങ്ങളിൽ ക്രമീകരിക്കുക.

(ഷെയറുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുക,ഡിജിറ്റൽ പണകൈമാറ്റം, കമ്പ്യൂട്ടർ സോഫ്റ്റവെയർ, ഇവന്റ് മാനേജ്മെൻറ്)

| ഡിജിറ്റൽ സമ്പദ്വ്യവസ്ഥ | ജ്ഞാന സമ്പദ്വ്യവസ്ഥ |
|---|---|
| | |

**പ്രവർത്തനം 5**

ആഗോള സംസ്കാരവും പ്രാദേശിക സംസ്കാരവും കൂടിക്കലരുന്നതാണ്..............

**പ്രവർത്തനം 6**

താഴെപ്പറയുന്നവയിൽ N.G.O യുടെ ഉദാഹരണം അല്ലാത്തതേതാണ് ?

എ) ഗ്രീൻപീസ്

ബി) റെഡ് ക്രോസ്

സി) മിസ്തുബിഷി

ഡി) ആംനസ്റ്റി ഇൻർനാഷണൽ

**പ്രവർത്തനം 7**

ബഹുരാഷ്ട്ര കമ്പനികളുടെ സവിശേഷതകൾ

- വിവിധ രാജ്യങ്ങളിൽ ശാഖയുള്ള കമ്പനികൾ
- ആഗോള വിപണിയാണ്
- 
- 

# ഉത്തരസൂചിക

**പ്രവർത്തനം 1**

മുകളിൽ പറഞ്ഞവയെല്ലാം

**പ്രവർത്തനം 2**

സി) 1991

**പ്രവർത്തനം 3**

1. സർക്കാർ നിയന്ത്രണങ്ങൾ കുറയ്ക്കൽ
2. വ്യാപാര, നിക്ഷേപ നയങ്ങളുടെ ഉദാരവൽക്കരണം

**പ്രവർത്തനം 4**

| ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ | ജ്ഞാന സമ്പദ്‌വ്യവസ്ഥ |
|---|---|
| ഡിജിറ്റൽ പണ കൈമാറ്റം<br>ഷെയറുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുക | കമ്പ്യൂട്ടർ സോഫ്റ്റ് വെയർ<br>ഇവന്റ് മാനേജ്മെൻറ് |

**പ്രവർത്തനം 5**

ഗ്ലോക്കലൈസേഷൻ

**പ്രവർത്തനം 6**

മിസ്തുബിഷി

**പ്രവർത്തനം 7**

ബഹുരാഷ്ട്ര കമ്പനികളുടെ സവിശേഷതകൾ

- വിവിധ രാജ്യങ്ങളിൽ ശാഖകളുള്ള കമ്പനികൾ
- ആഗോള വിപണിയാണ്
- അറിവിന്റേയും കഴിവുകളുടേയും കൈമാറ്റം
- ആഗോള വിതരണ ശൃംഖല

# അദ്ധ്യായം 7
# ബഹുജനമാധ്യമങ്ങളും വിനിമയങ്ങളും

റേഡിയോ, പത്രങ്ങൾ, സിനിമ, ടെലിവിഷൻ എന്നിവ ഈഅധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധതരം മാധ്യമങ്ങളിൽ ഉൾപ്പെടുന്നു. വലിയൊരുകൂട്ടം വ്യക്തികൾ അടങ്ങിയ പ്രേക്ഷകരിലേക്ക് എത്താൻ അവയ്ക്ക് കഴിയുന്നതിനാൽ, അവയെ ബഹുജനമാധ്യമങ്ങൾ എന്ന് വിളിക്കുന്നു, മാസ്കമ്മ്യൂണിക്കേഷൻ എന്നും ഇത് അറിയപ്പെടുന്നു. ആധുനിക ലോകത്ത് ഏതെങ്കിലും തരത്തിലുള്ള ബഹുജനമാധ്യമങ്ങളോ ആശയവിനിമയരീതികളോ ഇല്ലാത്ത ഒരുസമൂഹത്തെ സങ്കൽപ്പിക്കുകപ്രയാസമാണ്. ദൈനം ദിനജീവിതത്തിൽ ബഹുജനമാധ്യമങ്ങളുടെ ഉപയോഗം ഒഴിവാക്കാനാവാത്തതാണ്. സമൂഹശാസ്ത്രത്തിൽ സമകാലിക ആശയവിനിമയ വിപ്ലവത്തിന്റെ പ്രത്യേകതകൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കേണ്ടത് നിർണായകമാണ്.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- പൊതുജന മാധ്യമങ്ങൾ
- വിവിധങ്ങളായ ബഹുജന മാധ്യമങ്ങൾ
- ബഹുജന മാധ്യമങ്ങളുടെ പ്രവർത്തനങ്ങൾ
- ബഹുജന മാധ്യമങ്ങളും സാമൂഹികവൽക്കരണവും
- മാധ്യമങ്ങളും സാമൂഹിക മാറ്റവും
- മാധ്യമങ്ങളിൽ ആഗോളവൽക്കരണത്തിന്റെ സ്വാധീനം


**പ്രവർത്തനം 1**

നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന നാല് ബഹുജനമാധ്യമങ്ങൾ പട്ടികപ്പെടുത്തുക

| |
|---|
| എ) ടെലിവിഷൻ |
| ബി) |
| സി) |
| ഡി) |

**പ്രവർത്തനം 2**

ഡയഗ്രം പൂർത്തിയാക്കുക.




**പ്രവർത്തനം 3**

ആശയവിനിമയത്തിൽ റേഡിയോയുടെ പങ്ക് പട്ടികപ്പെടുത്തുക

| |
|---|
| എ) വാർത്താ പരിപാടികൾ |
| ബി) |
| സി) |
| ഡി) |

**പ്രവർത്തനം 4**

ഡയഗ്രം പ്രവർത്തിയാക്കുക




**പ്രവർത്തനം 5**


ടെലിവിഷന്റെ ഗുണപരവും പ്രതികൂലവുമായ സാധ്യതകൾ പട്ടികപ്പെടുത്തുക

| ഗുണപരമായ സാധ്യതകൾ | പ്രതികൂല സാധ്യതകൾ |
|---|---|
| .• വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | .• ആരോഗ്യപ്രശ്നങ്ങൾ |
| .• | .• |
| .• | .• |
| .• | .• |
| .• | .• |

**പ്രവർത്തനം 6**


ചാർട്ട് പൂർത്തിയാക്കുക

അച്ചടി മാധ്യമങ്ങളുടെ പങ്ക്




പ്രവർത്തനം 7

ആഗോളവൽക്കരണം സാമൂഹികമാധ്യമങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തെ പട്ടികപ്പെടുത്തുക




**പ്രവർത്തനം 8**

നമ്മുടെ വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും ബഹുജന മാധ്യമങ്ങളുടെ പങ്ക് പട്ടികപ്പെടുത്തുക


| വ്യക്തിജീവിതം | പൊതു ജീവിതം |
|---|---|
| ♦ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | ♦ പൊതുജനാഭിപ്രായ രൂപീകരണം |
| ♦ | ♦ |
| ♦ | ♦ |

## ഉത്തരസൂചിക

**പ്രവർത്തനം 1**

| |
|---|
| ടെലിവിഷൻ |
| റേഡിയോ |
| ഫെയ്സ്ബുക്ക് |
| ന്യൂസ്പേപ്പർ |


**പ്രവർത്തനം 2**




**പ്രവർത്തനം 3**

| |
|---|
| വാർത്താ പരിപാടികൾ |
| വിദ്യാഭ്യാസ പരിപാടികൾ |
| വിനോദ പരിപാടികൾ |
| ആരോഗ്യ സംബന്ധമായ പരിപാടികൾ |

**പ്രവർത്തനം 4**




**പ്രവർത്തനം 5**

| ഗുണപരമായ സ്വാധീനം | ഗുണപരമല്ലാത്ത സ്വാധീനം |
|---|---|
| ♦ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | ♦ തെറ്റായ വിവരങ്ങൾ |
| ♦ വിവരശേഖരണം | ♦ ചെലവുകൾ കൂടുതലാണ് |
| ♦ ലോകനിരീക്ഷണം | ♦ ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ |
| ♦ വ്യത്യസ്ത സംസ്കാരങ്ങളെ മനസ്സിലാക്കൽ | ♦ സ്ക്രീൻ ആസക്തി |

**പ്രവർത്തനം 6**

- വിവരവിനിമയം
- വിദ്യാഭ്യാസവും അറിവ് പങ്ക് വയ്ക്കലും
- പരസ്യവേദി
- പ്രാദേശിക ഇടപെടൽ

**പ്രവർത്തനം 7**




**പ്രവർത്തനം 8**

| വ്യക്തിജീവിതം | പൊതു ജീവിതം |
|---|---|
| ♦ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | ♦ പൊതുജനാഭിപ്രായ രൂപീകരണം |
| ♦ വിവരാവബോധം | ♦ വിവരവ്യാപനം |
| ♦ വിനോദം | ♦ രാഷ്ട്രീയ സ്വാധീനം |
| ♦ വിദ്യാഭ്യാസവും പഠനവും | ♦ സാംസ്ക്കാരിക വിനിമയം |

**അധ്യായം 8**

# സാമൂഹികപ്രസ്ഥാനങ്ങൾ

**ആമുഖം**

സാമൂഹിക പ്രസ്ഥാനങ്ങൾ ആസൂത്രിതവും സാമൂഹിക മാറ്റത്തിന്വേണ്ടിയുള്ള കൂട്ടായശ്രമങ്ങളാണ്. സ്ത്രീകൾ, കർഷകർ, തൊഴിലാളികൾ തുടങ്ങിയവരുടെ ഗ്രൂപ്പുകൾ നിർദ്ദിഷ്ടലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു, ഈ പ്രസ്ഥാനങ്ങൾ സാമൂഹിക സാമ്പത്തിക അസമത്വം, വിഭവ അസമത്വം, സാംസ്കാരിക അസമത്വം തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. സാമൂഹിക പ്രസ്ഥാനങ്ങളിൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ ഉൾപ്പെടുന്നു സ്ത്രീകൾ, കർഷകർ, ദലിതർ, ഗോത്രവിഭാഗങ്ങൾ, ഉപഭോക്താക്കൾ, തൊഴിലാളികൾ, പരിസ്ഥിതി പ്രവർത്തകർ. സമൂഹത്തിനുള്ളിൽ സമൂലമായമാറ്റങ്ങൾ വരുത്തുന്നതിൽ ഈ പ്രസ്ഥാനങ്ങളുടെ ചലനാത്മകതയും പ്രാധാന്യവും മനസിലാക്കുന്നതിനും ഊന്നൽനൽകുന്നു.

**പ്രധാന സങ്കല്പനങ്ങളും ആശയങ്ങളും**

- സാമൂഹിക പ്രസ്ഥാനങ്ങളുടെ നിർവചനവും സ്വഭാവവും
- വിവിധതരം സാമൂഹികപ്രസ്ഥാനങ്ങൾ
- സാമൂഹിക പ്രസ്ഥാനങ്ങളുടെ സവിഷേതകൾ
- സാമൂഹിക പ്രസ്ഥാനങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ

**പ്രവർത്തനം 1**

വനങ്ങൾ സംരക്ഷിക്കുന്നതിനും വനനശീകരണം തടയുന്നതിനുമായി ഇന്ത്യയിൽ ആരംഭിച്ച സാമൂഹിക പ്രസ്ഥാനമാണ് ............

**പ്രവർത്തനം 2**


താഴെ പറയുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്നെഴുതുക

എ) സാമൂഹിക പ്രസ്ഥാനങ്ങൾ ഇപ്പോഴും രാഷ്ട്രീയ സ്വഭാവമുള്ളതാണ്.

ബി) സ്ത്രീവാദ പ്രസ്ഥാനം (Feminist Movement) ഒരു പരിവർത്തന സാമൂഹിക പ്രസ്ഥാനത്തിന് ഉദാഹരണമാണ്.

സി) പ്രതിസന്ധി ഘട്ടങ്ങളിൽ മാത്രമാണ് സാമൂഹിക പ്രസ്ഥാനങ്ങൾ ഉണ്ടാകുന്നത്

**പ്രവർത്തനം 3**



**പ്രവർത്തനം 4**

സാമൂഹികമാറ്റവും സാമൂഹികപ്രസ്ഥാനവും തമ്മിലുള്ള വ്യത്യാസം പട്ടികപ്പെടുത്തുക

| സാമൂഹികമാറ്റം | സാമൂഹികപ്രസ്ഥാനം |
|---|---|
| | |

**പ്രവർത്തനം 5**

ബ്രാക്കറ്റിൽ നൽകിയിട്ടുള്ള പ്രസ്ഥാനങ്ങളെ പഴയ സാമൂഹിക പ്രസ്ഥാനങ്ങൾ, പുതിയ സാമൂഹിക പ്രസ്ഥാനങ്ങൾ എന്നിങ്ങനെ തരം തിരിച്ചെഴുതുക.

(കൊളോണിയൽ വിരുദ്ധ പ്രസ്ഥാനം, പൗരാവകാശ പ്രസ്ഥാനം, വനിതാ പ്രസ്ഥാനം, തൊഴിലാളി പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം, പരിസ്ഥിതി പ്രസ്ഥാനം)

| പഴയസാമൂഹിക പ്രസ്ഥാനങ്ങൾ | പുതിയസാമൂഹിക പ്രസ്ഥാനങ്ങൾ |
|---|---|
| | |

**പ്രവർത്തനം 6**

വിവരാവകാശ പ്രസ്ഥാനം ............ സാമൂഹിക പ്രസ്ഥാനത്തിന് ഉദാഹരണമാണ്.

**പ്രവർത്തനം 7**

ബ്രാക്കറ്റിൽ നൽകിയിരിക്കുന്നതിൽ നിന്നും വിപ്ലവ പ്രസ്ഥാനത്തെ തിരിച്ചറിയുക.

(എസ്.എൻ.ഡി.പി, നക്സലൈറ്റ് പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം)

**പ്രവർത്തനം 8**

വിവിധ തരത്തിലുള്ള സാമൂഹികപ്രസ്ഥാനങ്ങളെ പട്ടികപ്പെടുത്തുക.

| വർഗ്ഗാധിഷ്ഠിത പ്രസ്ഥാനങ്ങൾ | ജാതി അടിസ്ഥാന പ്രസ്ഥാനങ്ങൾ |
|---|---|
| | |

## ഉത്തരസൂചിക

**പ്രവർത്തനം 1**

ചിപ്കോപ്രസ്ഥാനം


**പ്രവർത്തനം 2**

എ)തെറ്റ് – പല സാമൂഹിക പ്രസ്ഥാനങ്ങൾക്കും രാശ്ട്രീയ പ്രത്യാഘാതങ്ങൾ ഉണ്ടെങ്കിലും, എല്ലാം കർശനമായി രാഷ്ട്രീയമല്ല.

ബി)ശരിയാണ് – സ്ത്രീപുരുഷ ബന്ധങ്ങളെയും സാമൂഹിക ഘടനകളെയും പരിവർത്തനം ചെയ്യുക എന്നതാണ് ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ലക്ഷ്യമിടുന്നത്.

സി) തെറ്റ് – പ്രതിസന്ധികളിൽ ചില ചലനങ്ങൾ ഉയർന്നുവന്നേക്കാം, മറ്റുള്ളവ ദീർഘകാല പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രൂപപ്പെടാം.

**പ്രവർത്തനം 3**




**പ്രവർത്തനം 4**

സാമൂഹിക മാറ്റവും സാമൂഹിക പ്രസ്ഥാനവും തമ്മിലുള്ള വ്യത്യാസം

| സാമൂഹികമാറ്റം | സാമൂഹിക പ്രസ്ഥാനം |
|---|---|
| • തുടർന്നുകൊണ്ടേയിരിക്കുന്ന പ്രക്രിയ<br>• സമൂഹത്തിലെ പരിസ്ഥിതി, രാഷ്ട്രീയ, സാംസ്കാരിക വശങ്ങളെ ബാധിക്കുന്നു | • മാറ്റം ഉണ്ടാക്കുന്നു. എന്നാൽ തുടർന്നുകൊള്ളണമെന്നില്ല<br>• സമൂഹത്തിന്റെ ഒരു പ്രത്യേക വശത്തെ സ്വാധീനിക്കുന്നു |

**പ്രവർത്തനം 5**

(കൊളോണിയൽ വിരുദ്ധ പ്രസ്ഥാനം, പൗരാവകാശ പ്രസ്ഥാനം, വനിതാ പ്രസ്ഥാനം, തൊഴിലാളി പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം, പരിസ്ഥിതി പ്രസ്ഥാനം)

| പഴയസാമൂഹിക പ്രസ്ഥാനങ്ങൾ | പുതിയസാമൂഹിക പ്രസ്ഥാനങ്ങൾ |
|---|---|
| കൊളോണിയൽ വിരുദ്ധ പ്രസ്ഥാനം | പൗരാവകാശ പ്രസ്ഥാനം |
| തൊഴിലാളി പ്രസ്ഥാനം | വനിതാ പ്രസ്ഥാനം |
| ദേശീയ പ്രസ്ഥാനം | പരിസ്ഥിതി പ്രസ്ഥാനം |

**പ്രവർത്തനം 6**

പരിഷ്കരണാത്മക സാമൂഹിക പ്രസ്ഥാനം

**പ്രവർത്തനം 7**

നക്സലൈറ്റ് പ്രസ്ഥാനം

**പ്രവർത്തനം 8**

വിവിധതരം സാമൂഹികപ്രസ്ഥാനങ്ങളെ പട്ടികപ്പെടുത്തുക.

| വർഗ്ഗാധിഷ്ഠിത പ്രസ്ഥാനങ്ങൾ | ജാതിഅടിസ്ഥാന പ്രസ്ഥാനങ്ങൾ |
|---|---|
| ട്രേഡ് യൂണിയൻ പ്രസ്ഥാനം | ദലിത് പ്രസ്ഥാനം |
| കർഷക പ്രസ്ഥാനം | ആദി ധർമ്മ പ്രസ്ഥാനം |